E3/PDL(M) Y 1/2021.

ലേബർ കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 19.01.2021.
തൊഴിൽ ഭവൻ, വികാസ് ഭവൻ പി ഒ,
ഫോൺ: 0471 278 3900, 3920.
email: lcofficeesection@gmail.com

## സർക്കുലർ നമ്പർ: 05/2021.

**വിഷയം : തൊഴിൽ വകുപ്പിലെ ജീവനക്കാർ യഥാസമയം പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കി സർക്കുലർ പുറപ്പെടുവിപ്പിക്കുന്നു.**

സൂചന : **കേരള സർക്കാർ ജീവനക്കാർക്കുള്ള പെരുമാറ്റച്ചട്ടങ്ങൾ, 1960–ലെ ചട്ടം 37.**

കേരള സർക്കാർ ജീവനക്കാർക്കുള്ള പെരുമാറ്റച്ചട്ടങ്ങൾ, 1960–ലെ ചട്ടം 37 പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെ എല്ലാ ജീവനക്കാരും പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യേണ്ടതുണ്ട്. ആയതിനായി താഴെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും കർശനമായി പാലിക്കേണ്ടതാണ്.

1. തൊഴിൽ വകുപ്പിലെ എല്ലാ ജീവനക്കാരും 31.01.2021–ന് മുൻപായി പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടതാണ്.

2. തൊഴിൽ വകുപ്പിലെ ജീവനക്കാർക്ക് ഓൺലൈനായി പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം/ ഉത്തരവ് ഇല്ലാത്തതിനാൽ **മുൻവർഷങ്ങളിലേതു പോലെ അടച്ച കവറിൽ സ്റ്റേറ്റ്മെന്റ് ലേബർ കമ്മീഷണർക്ക്** സമർപ്പിക്കേണ്ടതാണ്.

3. തപാൽ മാർഗം പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് അയയ്ക്കുന്ന ജീവനക്കാർ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് ഉൾക്കൊള്ളിച്ച് സീൽ ചെയ്ത കവറിന് പുറത്ത് **"പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് 2020"** എന്ന് രേഖപ്പെടുത്തണം.

(ഒപ്പ്)
ലേബർ കമ്മീഷണർ

പകർപ്പ്:
1. ലേബർ കമ്മീഷണറുടെ പി എ
2. വകുപ്പിലെ എല്ലാ ജീവനക്കാർക്കും.
3. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട് (ഇ)